**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 19.10.2024

# ഒരേ ദിവസം രണ്ട് ട്രാപ്പുകളിലായി മൂന്നുപേർ അറസ്റ്റിൽ

തൃശ്ശൂർ ജില്ല ഒല്ലൂക്കര വില്ലേജ് സ്പെഷ്യൽ വില്ലേജ് ഓഫീസറായ പ്രസാദ്, വില്ലേജ് അസിസ്റ്റന്റ് ആശിഷ്, പാലക്കാട് ജില്ല അഗളി താലൂക്ക് സർവ്വേ ഓഫീസിലെ സർവ്വേയറായ ഹസ്കർ എന്നിവരാണ് രണ്ട് സംഭവങ്ങളിലായി ഇന്ന് (19/10/2024) വിജിലൻസ് പിടിയിലായത്.

നിലം നികത്തുന്ന പരാതിയെ തുടർന്ന് തൃശ്ശൂർ മണ്ണുത്തി പോലീസ് പിടിച്ചെടുത്ത ജെസിബി വിട്ടുകിട്ടുന്നതിന് പരാതിക്കാരന് അനുകൂലമായ റിപ്പോർട്ട് നൽകുന്നതിന് വില്ലേജ് ഓഫീസറെ സ്വാധീനിക്കാമെന്ന് വാഗ്ദാനം ചെയ്ത് ഒല്ലൂക്കര വില്ലേജ് ഓഫീസിലെ സ്പെഷ്യൽ വില്ലേജ് ഓഫീസറായ പ്രസാദും വില്ലേജ് അസിസ്റ്റന്റായ ആശിഷും പരാതിക്കാരനിൽ നിന്ന് 50,000/- രൂപ കൈക്കൂലി വാങ്ങവേ തൃശ്ശൂർ വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഷിബു.പി യുടെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം ഇന്ന് (19/10/2024) വില്ലേജ് പിടികൂടിയത്.

മറ്റൊരു സംഭവത്തിൽ പാലക്കാട് ജില്ല അഗളി താലൂക്കിൽ പെട്ട പരാതിക്കാരന്റെ പേരിലുള്ള വസ്തു അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് അപേക്ഷകന്റെ കൈയ്യിൽ നിന്നും താമസ സ്ഥലത്ത് വച്ച് 5,000/- രൂപ കൈക്കൂലി വാങ്ങവെയാണ് അഗളി താലൂക്ക് സർവ്വേയറായ ഹസ്കറിനെ പാലക്കാട് വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഷംസുദ്ദീൻ. എസ് ന്റെ നേതത്വത്തിലുള്ള വിജിലൻസ് സംഘം വൈകിട്ട് 07.40 മണിക്ക് പിടികൂടിയത്.

വിജിലൻസ് മധ്യമേഖല പോലീസ് സൂപ്രണ്ട് ശ്രീ. എസ്. ശശിധരൻ ഐ.പി.എസ് ന്റെ നിർദ്ദേശപ്രകാരമാണ് ഈ രണ്ട് കേസുകളും പിടികൂടിയത്. അറസ്റ്റ് ചെയ്ത പ്രതികളെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.